A2|14|23



"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി. ജൂനിയർ കെമിസ്ട്രി അദ്ധ്യാപിക ശ്രീമതി പ്രീത കെ.ബി.യുടെ നിയമനം അംഗീകരിച്ച് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എ) വകുപ്പ്

**സ.ഉ.(സാധാ) നം.8156/2023/GEDN തീയതി, തിരുവനന്തപുരം, 21-12-2023**

പരാമർശം:-
1. ശ്രീമതി പ്രീത കെ.ബി. സമർപ്പിച്ച 08/12/2022-ലെ ഹർജി.
2. തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 13/03/2023-ലെ ടി.ആർ.ഒ-2/5929M/2022/എച്ച്എസ്ഇ നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കൻഡറി വിഭാഗം) 12/05/2023-ലെ എസിഡി.ബി3/271636/2022/എച്ച്എസ്ഇ നമ്പർ കത്ത്.

<u>ഉത്തരവ്</u>

തിരുവനന്തപുരം ആർ.സി. സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിൽ അഞ്ചുതെങ്ങ് സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിൽ 02/07/2012 മുതൽ 31/07/2017 വരെ അവധി ഒഴിവിൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ കെമിസ്ട്രിയായി സേവനമനുഷ്ഠിച്ചിട്ടുള്ള തന്നെ 01/09/2022 മുതൽ ടി മാനേജ്മെന്റിന് കീഴിലുള്ള വിഴിഞ്ഞം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ ശ്രീ.ഇഗ്നേഷ്യൽ റെബൈറ വി.പി.ക്ക് എച്ച്.എസ്.എസ്.റ്റി. കെമിസ്ട്രി ആയി പ്രമോഷൻ ലഭിച്ച ഒഴിവിൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ കെമിസ്ട്രി ആയി നിയമിച്ചുവെന്നും, താൻ 51A ക്ലെയിം ആണെന്നും, തന്റെ നിയമനാംഗീകാരത്തിന് ഭിന്നശേഷി സംവരണം ബാധകമല്ല എന്നും, 23/12/2022-ലെ സ.ഉ.(അ)16/2022/പൊ.വി.വ പ്രകാരം സർവീസിലെ അവധി ഒഴിവിലേക്ക് ഉൾപ്പെടെയുള്ള സേവനകാലം പരിഗണനാർഹമാണ് എന്നും, അതുകൂടി കണക്കിലെടുത്ത് തനിക്ക് മുമ്പ് റിലീവ് ചെയ്യുമ്പോഴുള്ള അടിസ്ഥാന ശമ്പളം 37500 (32300-68700) റിവൈസ്ഡ് സ്കെയിൽ ഓഫ് പേയിൽ (45600-95600) 52600 ആയി അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീമതി പ്രീത കെ.ബി പരാമർശം 1 പ്രകാരം ഹർജി സമർപ്പിക്കുകയുണ്ടായി.

**2.** ടി വിഷയത്തിന്മേലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ചുവടെ പറയും പ്രകാരമാണ്.

"ശ്രീമതി പ്രീത കെ.ബി. തിരുവനന്തപുരം ആർ.സി. സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിൽ അഞ്ചുതെങ്ങ് സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിൽ 02/07/2012 മുതൽ

31/07/2017 വരെ അവധി ഒഴിവിൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ കെമിസ്ട്രിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. പ്രസ്തുത നിയമനത്തിന് നിയമന അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. പിന്നീട്, ടിയാളെ 01/09/2022 മുതൽ വിഴിഞ്ഞം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ ശ്രീ.ഇഗ്നേഷ്യൽ റെബൈറ വി.പി.ക്ക് എച്ച്.എസ്.എസ്.റ്റി. കെമിസ്ട്രി ആയി പ്രമോഷൻ ലഭിച്ച ഒഴിവിൽ കോർപ്പറേറ്റ് മാനേജർ എച്ച്.എസ്.എസ്.റ്റി. ജൂനിയർ കെമിസ്ട്രി ആയി നിയമിച്ചു. ഈ നിയമനത്തിന് നിയമനാംഗീകാരം ലഭിച്ചിട്ടില്ല. എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണം 24/03/2023-ലെ സ.ഉ.(കൈ)നം.29/2003/പൊ.വി.വ പ്രകാരമുള്ള മാർഗനിർദ്ദേശപ്രകാരം നടപ്പിലാക്കിയാൽ മാത്രമേ ഈ നിയമനത്തിന് നിയമനാംഗീകാരം ലഭിക്കുകയുള്ളൂ. ഏറ്റവുമൊടുവിൽ വന്ന കോടതിവിധി പ്രകാരം ഇത്തരം നിയമനങ്ങൾക്ക് താൽക്കാലിക അംഗീകാരം ഉത്തരവായിട്ടുള്ളതാണ്.

എയ്ഡഡ് ഹയർ സെക്കൻഡറി അദ്ധ്യാപകർക്ക് KER Chapter XIV A-യിലെ ചട്ടം 51 A അവകാശമില്ലായെന്ന് 02/03/2013-ലെ 32285/T2/11/പൊ.വി.വ നമ്പർ കത്തിൽ സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. ഹയർ സെക്കൻഡറി/വി.എച്ച്.എസ്.ഇ മേഖലകളിൽ ചട്ടം 51A അവകാശം ഇല്ലായെന്ന് 24/03/2023-ലെ സ.ഉ.(കൈ)29/2023/G.Edn ഖണ്ഡിക 2(IV)-ലും സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ, തനിക്ക് Rule 51A Clam ഉണ്ട് എന്നും, 01/09/2022 മുതലുള്ള എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) കെമിസ്ട്രി നിയമനം ഭിന്നശേഷി സംവരണത്തിന്റെ പരിധിയിൽ വരില്ലായെന്നുമുള്ള ശ്രീമതി പ്രീത കെ.ബി.യുടെ വാദം നിലനിൽക്കുന്നതല്ല. കൂടാതെ, 23/12/2022-ലെ സർക്കാർ ഉത്തരവിൽ അവധി ഒഴിവിൽ നിയമനം ലഭിച്ചപ്പോൾ വാങ്ങി വന്നിരുന്ന ശമ്പളവും സ്കെയിലും പുതിയ റെഗുലർ നിയമനം ലഭിക്കുമ്പോൾ സംരക്ഷിച്ച് നൽകുമോ എന്നത് വ്യക്തമാക്കുന്നില്ല. എന്നാൽ, ടി ഉത്തരവിൽ എയ്ഡഡ് സ്കൂൾ അധ്യാപകരുടെ തുടർച്ചയായ രണ്ട് വർഷക്കാലയളവിനുള്ളിലെ ബ്രോക്കൺ സർവ്വീസ് കെ.ഇ.ആർ. ചാപ്റ്റർ 14 എ ചട്ടം 6(a) പ്രകാരം പ്രൊബേഷന് കണക്കാക്കാവുന്നതാണ് എന്നും, 61(4) പ്രകാരം ഇൻക്രിമെന്റിന് പരിഗണിക്കാമെന്നും നിഷ്കർഷിക്കുന്നു.

ശ്രീമതി പ്രീത കെ.ബി.യുടെ അവധി ഒഴിവിലെ സേവനം 31/07/2017-ൽ അവസാനിക്കുകയുണ്ടായി. പിന്നീട് 01/09/2022-ൽ മാത്രമാണ് സേവനത്തിൽ പുന:പ്രവേശിച്ചിട്ടുള്ളത് എന്ന് കാണുന്നു. ടിയാരിക്ക് രണ്ട് വർഷത്തിലധികം (5 വർഷത്തെ) ബ്രോക്കൺ സർവ്വീസ് ഉള്ളതായി കാണുന്നു. മേൽ സാഹചര്യത്തിൽ, 31/07/2017-ൽ ടിയാരി സേവനത്തിൽ നിന്നും വിട്ടുതൽ ചെയ്യപ്പെട്ടപ്പോൾ വാങ്ങിയ അടിസ്ഥാന ശമ്പളത്തിന് തത്തുല്യമായ അടിസ്ഥാന ശമ്പളം ടിയാരിയുടെ പുനർനിയമനത്തിന് ലഭിക്കണമെന്ന ആവശ്യം പരിഗണിക്കുവാനാകുമെന്ന് കാണുന്നില്ല."

**3.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീമതി പ്രീത കെ.ബി. തിരുവനന്തപുരം ആർ.സി. സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിൽ അഞ്ചുതെങ്ങ് സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിൽ 02/07/2012 മുതൽ 31/07/2017 വരെ അവധി ഒഴിവിൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ കെമിസ്ട്രിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. പ്രസ്തുത നിയമനത്തിന് നിയമന അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. പിന്നീട് ടിയാളെ 01/09/2022

മുതൽ വിഴിഞ്ഞം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ ശ്രീ.ഇഗ്നേഷ്യൽ റൈബൈറ വി.പി. എച്ച്.എസ്.എസ്.റ്റി. കെമിസ്ട്രി ആയി പ്രമോഷൻ ലഭിച്ച ഒഴിവിൽ കോർപ്പറേറ്റ് മാനേജർ നിയമിച്ചു. ഈ നിയമനത്തിന് നിയമനാംഗീകാരം ലഭിച്ചിട്ടില്ല. ശ്രീമതി പ്രീത കെ.ബി.ക്ക് 02/07/2012 മുതൽ 31/07/2017 വരെ അവധി ഒഴിവിൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ കെമിസ്ട്രി തസ്തികയിൽ നിയമന അംഗീകാരം ലഭിച്ചിട്ടുള്ളതിനാൽ Rule 51A Claim ആനുകൂല്യം നൽകി 01/09/2022 മുതൽ വിഴിഞ്ഞം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി. ജൂനിയർ കെമിസ്ട്രി തസ്തികയിലെ പ്രമോഷൻ നിയമനം അംഗീകരിച്ച നൽകണമെന്നാണ് ഹർജിക്കാരിയുടെ ആവശ്യം.

**4.** ഹയർ സെക്കൻഡറിയിലെ അധ്യാപക-അനധ്യാപകർക്കു 51 A അവകാശം നൽകുന്നതിന് ചട്ടത്തിൽ പ്രത്യേക പരാമർശം ഇല്ലെങ്കിൽ കൂടി 51A അവകാശമുണ്ടെന്ന് ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിയുള്ളതിനാൽ ഈ വിഷയത്തിൽ വ്യക്തിഗത കേസുകൾ പരിശോധിച്ച് തീരുമാനം എടുക്കുന്ന രീതിയാണ് നിലവിൽ ചെയ്തുവരുന്നത്. 14.6.2023-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ individual തീരുമാനം എടുക്കുവാൻ 01/07/2023-ലെ JA2/62/2023-GEDN പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കത്ത് നല്കിയിട്ടുണ്ട്.

**5.** 01.09.2022-ൽ സ്ഥിരം ഒഴിവിൽ നിയമിക്കുന്നതിന് മുൻപായി ശ്രീമതി. പ്രീത കെ.ബി.ക്ക് 02/07/2012 മുതൽ 31/07/2017 വരെ LWA ഒഴിവിൽ ടി മാനേജ്മെന്റിന് കീഴിലുള്ള അഞ്ചുതെങ്ങ് സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ കെമിസ്ട്രിയായി നിയമനാംഗീകാരം ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ, ടിയാരിയെ കെ.ഇ.ആർ. അധ്യായം XIV A Rule 51A അവകാശിയായി കണക്കാക്കാവുന്നതും, 25/6/2022-ലെ സ.ഉ(കൈ)നം.111/2022/പൊ.വി.വ നിർദ്ദേശം 9-ന്റെ പരിധിയിലുൾപ്പെടുത്തി Rule 51A അവകാശിയായതിനാൽ 01.09.2022 മുതലുള്ള നിയമനം അംഗീകരിക്കാവുന്നതുമാണ്.

**6.** ഹയർ സെക്കൻഡറി അധ്യാപകർക്ക് (ഗവൺമെന്റ് & എയ്ഡഡ്) അവരുടെ അവധി ഒഴിവിലെ/ബ്രോക്കൺ സേവനം/പ്രൊവിഷണൽ സേവനം കൂടി റഗുലർ സേവനത്തോടൊപ്പം കണക്കാക്കി ഇൻക്രിമെന്റുകൾ, സമയബന്ധിത ഗ്രേഡുകൾ എന്നിവ അനുവദിക്കണമെന്നുള്ള വിഷയത്തിൽ 02.05.1973-ലെ ജി.ഒ. (എം.എസ്)നം.62/1973/എസ്.ഇഡിഎൻ, 19.06.1984-ലെ ജി.ഒ. (എം.എസ്)നം.112/84/ജി.ഇഡിഎൻ എന്നിവ പ്രകാരം സെക്കൻഡറി തലം വരെയുള്ള അധ്യാപകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഹയർ സെക്കൻഡറി തലത്തിലുള്ള അധ്യാപകർക്ക് കൂടി 03/06/2008-ലെ 24298/PRC.A3/2008/Fin സ്പഷ്ടീകരണ കത്തിന്റെ വെളിച്ചത്തിൽ ബാധകമാക്കി സർക്കാർ 23/12/2022-ലെ GO(P)No.16/2022/GEDN പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.പ്രീത കെ.ബി.യുടെ 01.09.2022 മുതലുള്ള സ്ഥിരം ഒഴിവിലെ നിയമനം അംഗീകരിച്ച നൽകുമ്പോൾ മുൻകാല അവധി ഒഴിവിലെ സേവനം റഗുലർ സേവനത്തോടൊപ്പം കണക്കാക്കി ഇൻക്രിമെന്റുകൾ, സമയബന്ധിത ഗ്രേഡുകൾ എന്നിവ അനുവദിക്കാവുന്നതാണ്.

7. മേൽ സാഹചര്യത്തിൽ, ശ്രീമതി പ്രീത കെ.ബി.ക്ക് മറ്റ് വിധത്തിൽ യോഗ്യതയുള്ള പക്ഷം കെ.ഇ.ആർ അധ്യായം XIV A Rule 51A അവകാശിയായി കണക്കാക്കി, 25/6/2022-ലെ സ.ഉ.(കൈ)നം.111/2022/പൊ.വി.വ നിർദ്ദേശം 9-ന്റെ പരിധിയിലുൾപ്പെടുത്തി, 01.09.2022 മുതലുള്ള നിയമനം അംഗീകരിച്ച നൽകുന്നതിനും, ടിയാരിയുടെ മുൻകാല അവധി ഒഴിവിലെ സേവനം റഗുലർ സേവനത്തോടൊപ്പം കണക്കാക്കി ഇൻക്രിമെന്റുകൾ, സമയബന്ധിത ഗ്രേഡുകൾ എന്നിവ അനുവദിച്ച നൽകുന്നതിനും തിരുവനന്തപുരം മേഖലാ ഉപമേധാവിക്ക് നിർദ്ദേശം നൽകി, അപ്രകാരം ശ്രീമതി പ്രീത കെ.ബി. സമർപ്പിച്ച പരാമർശം 1 ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

ശ്രീമതി പ്രീത കെ.ബി., എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) കെമിസ്ട്രി, സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ, വിഴിഞ്ഞം, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കൻഡറി വിഭാഗം), തിരുവനന്തപുരം-695 001.
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ